**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വീട് നിർമ്മാണത്തിനും വാണിജ്യാവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ ഉണ്ടെന്ന് വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ രണ്ട് റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 9835 തീർക്കാൻ ശേഷിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിവരം, പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് . * ഭൂമി തരം മാറ്റ അപേക്ഷകൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി, 22/02/2022-ലെ സ. ഉ. (കൈ) നം . 56/22/RD പ്രകാരം, 6 മാസത്തേക്ക്, വിവിധ റവന്യൂ ഓഫീസുകളിലേക്കായി ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വെയർ എന്നിങ്ങനെ 990 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. * അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.ടി അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 5,99,93,000/- രൂപ ( അഞ്ച് കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ചിട്ടുണ്ട് . * ഭൂമി തരം മാറ്റ അപേക്ഷകൾ, വേഗത്തിൽ തീർപ്പാക്കുന്നതിന് , ഫീൽഡ് പരിശോധനക്കായി, 6 മാസത്തേക്ക്, നൂറിൽ കൂടുതൽ അപേക്ഷകൾ പരിശോധിക്കാൻ അവശേഷിക്കുന്ന അറുന്നൂറ്റി എൺപത് വില്ലേജുകളിൽ , 2 വില്ലേജുകളിൽ ഒരു വാഹനം എന്ന രീതിയിൽ, 340 വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനും, 22/02/2022-ലെ സ.ഉ.(കൈ)നം.56/2022/RD പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. * ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കുന്നത്, ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റി. * ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും, സംസ്ഥാനത്തെല്ലായിടത്തും ഒരേ രീതിയിൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുമായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . * തീർപ്പാക്കാതെ ശേഷിക്കുന്ന അപേക്ഷകൾ, 6 മാസത്തിനകം തീർപ്പാക്കുന്നതിന്, ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, റവന്യൂ ഡിവിഷണൽ ഓഫീസിലേയും മറ്റ് ഓഫീസുകളിലേയും അപേക്ഷ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ഭവന നിർമ്മാണ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ പ്രത്യേക പരിഗണന നൽകി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | മുൻഗണനാക്രമം പാലിച്ചു കൊണ്ടാണ് ഭൂമി തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നത് . എന്നാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പടെ ഉപഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി അപേക്ഷ തീർപ്പാക്കാൻ നിർദ്ദേശം നൽകുന്നതാണ്. ഇക്കാര്യം സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രോസീഡിയറിൽ പ്രത്യേകമായി ഉൾപ്പെടുത്തും. ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും, റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും, ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ പരിശോധിക്കുകയും, മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. |
| (ഡി) | നെൽവയൽ തണ്ണീർത്തട നിയമം വരുന്നതിന് മുമ്പ് നികത്തപ്പെട്ടതും എന്നാൽ രേഖകളിൽ നഞ്ച എന്ന് രേഖപ്പെടുത്തിയതുമായ 25 വർഷം മുൻപുള്ള കെട്ടിടങ്ങൾക്ക് നിലവിൽ രൂപമാറ്റം വരുത്തുന്നതിന് ഭൂമി തരംമാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി തീർപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തപ്പെട്ടതും, എന്നാൽ രേഖകളിൽ നഞ്ച എന്ന് രേഖപ്പെടുത്തിയതുമായ, 25 വർഷം മുൻപുള്ള കെട്ടിടങ്ങൾക്ക്, നിലവിൽ രൂപമാറ്റം വരുത്തുന്നതിന്, ടി നിയമപ്രകാരമുള്ള ഭൂമി തരംമാറ്റം വരുത്തേണ്ടതുണ്ട് . ഇത്തരം അപേക്ഷകൾ പ്രത്യേക പരിഗണന നൽകി തീർപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ